പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1871</u>      <u>25.03.2013 ൽ മറുപടിക്ക്</u>

<u>ഇറ്റാലിയൻ നാവികർക്കെതിരെ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, പി.തിലോത്തമൻ<br>,, ഇ.കെ.വിജയൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കേരളത്തിലെ രണ്ട് മത്സ്യത്തൊഴിലാളികളെ കൊല്ലം നീണ്ടകരയ്ക്കടുത്ത് കടലിൽ വെടിവച്ച് കൊന്ന കേസ്സിലെ പ്രതികളായ ഇറ്റാലിയൻ നാവികർ എത്ര ദിവസത്തെ ജാമ്യം നേടിയാണ് ഇറ്റലിയിലേയ്ക്ക് പോയതെന്ന് വ്യക്തമാക്കുമോ; | (എ) ജാമ്യത്തിലിരുന്ന ഇറ്റാലിയൻ നാവികർ 22.02.2013 ലെ ബഹു. സുപ്രീം കോടതിയുടെ വിധി അനുസരിച്ച് 4 ആഴ്ചത്തേക്ക് ഇറ്റലിയിലേക്ക് പോകാനുള്ള അനുവാദം വാങ്ങിയാണ് പോയിട്ടുള്ളത് എന്ന് മാധ്യമങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട് . |
| (ബി) ഇവർ ഇനി ഇൻഡ്യയിലേയ്ക്ക് മടങ്ങി വരികയില്ലെന്ന് വിദേശകാര്യ മന്ത്രാലയത്തെ അറിയിച്ചതായി വിവരം ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും നാവികർ ഇന്ത്യയിൽ തിരിച്ചെത്തിയതിനാൽ ചോദ്യം പ്രസക്തമല്ല. |
| (സി) ഈ കേസ്സ് സംബന്ധിച്ച് എന്തു നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ